# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5168 27-07-2015 ൽ മറുപടിക്ക്

## ഡെപ്യൂട്ടേഷനിൽ വന്ന ഉദ്യോഗസ്ഥന് ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ സ്ഥിര നിയമനം

| ചോദ്യം<br>ശ്രീമതി.കെ.കെ.ലതിക | | ഉത്തരം<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ ജോലി ചെയ്തുവരുന്ന ഉദ്യോഗസ്ഥർ ഏതൊക്കെ വകുപ്പുകളിൽ നിന്നും ഏതൊക്കെ വ്യവസ്ഥകളിൽ നിയമിതരായവരാണെന്ന് വ്യക്തമാക്കുമോ; | (എ) | എയ്ഡഡ് കോളേജ്, റവന്യൂ വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ് എന്നിവിടങ്ങളിൽ നിന്നും ഡെപ്യൂട്ടേഷനിൽ നിയമിതരായവർ, പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഡിപ്ലോയ്മെന്റ് വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവർ, യൂണിവേഴ്സിറ്റികളിൽ നിന്നും നിയമിക്കപ്പെട്ട ആഗിരണം ചെയ്യപ്പെട്ടവർ, ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട സ്ഥിരനിയമനം ലഭിച്ചവർ, പി.എസ്.സി മുഖേന നേരിട്ട് നിയമനം ലഭിച്ചവർ, ആശ്രിത നിയമന വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവർ. |
| (ബി) | ഇത്തരത്തിൽ നിയമിതരായവരിൽ ആരെയെങ്കിലും ഹയർസെക്കന്ററി വകുപ്പിൽ സ്ഥിരപ്പെടുത്തുകയോ സ്ഥിരപ്പെടുത്തുന്നതിനായി ശിപാർശ നൽകുകകയോ ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കുമോ ; എങ്കിൽ ഏത് വകുപ്പിൽ നിന്നും വന്ന ഉദ്യോഗസ്ഥ നാണ് ; ഈ ഉദ്യോഗസ്ഥനെ സ്ഥിരപ്പെടുത്താൻ ശിപാർശ നൽകിയതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | ജെ.എൻ.ആർ ഹയർസെക്കന്ററി സ്കൂൾ എടവണ്ണയിലെ അദ്ധ്യാപകനായിരുന്ന ഡോ.അസീം.സി.എം-നെ കരിയർ ഗൈഡൻസിന്റെ സ്റ്റേറ്റ് കോ-ഓർഡിനേഷൻ തസ്തികയിൽ ജി.ഒ (എം.എസ്)നം. 165/2015/പൊ.വി.വ 20.06.2015-ന്റെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, 26.03.2015 തീയതിയിലെ ജി.ഒ (എം.എസ്)നം.76/2015/പൊ.വി.വ പ്രകാരം വകുപ്പിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കി വന്നിരുന്ന ശ്രീ.ലിനു.കെ.എസ്, ശ്രീ.ബിജു.എ.ആർ, ശ്രീ.സുജികുമാർ.ആർ.എസ്,ശ്രീ.ബൈജു.ജി, ശ്രീ.ബി.ചന്ദ്രകുമാർ എന്നിവരെ യഥാക്രമം ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഓഫീസ് അറ്റന്റന്റ്, ഡ്രൈവർ എന്നീ തസ്തികകളിൽ റഗുലറൈസ് ചെയ്തു ഉത്തരവായിട്ടുണ്ട്. |

(സി) ഇത് സംബന്ധിച്ച T3, 23208/2015 നമ്പർ ഫയലിൽ എന്തെല്ലാം തീരുമാനങ്ങൾ എടുത്തിട്ടുണ്ട് ; വ്യക്തമാക്കാമോ?

(സി) ഫയൽ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ